ന്യൂനപക്ഷ ക്ഷേമം

321 (3303) ശ്രീ. മാത്യു റ്റി. തോമസ് :
ശ്രീമതി ജമീലാപ്രകാശം :
ശ്രീ. ജോസ് തെറ്റയിൽ :
ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 സാമ്പത്തിക വർഷത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ കേരളത്തിലെ ന്യൂനപക്ഷക്ഷേമത്തിനായി എത്ര തുക അനുവദിച്ചു ;

(ബി) ഇനം തിരിച്ച് അവയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(സി) 2015 ജനുവരി വരെ ടി വകുപ്പിലെ വിവിധ പദ്ധതികളുടെ തുക വിനിയോഗം സംബന്ധിച്ച് വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(ഡി) ഇനി എത്ര തുക വിനിയോഗിക്കാനുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഇ) 2011-12, 2012-13, 2013-14 സാമ്പത്തിക വർഷങ്ങളിൽ എത്ര തുക വീതം ലാപ്സായെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 2014-15 സാമ്പത്തിക വർഷത്തിൽ 1,46,51,99,000 (നൂറ്റി നാൽപ്പത്തി ആറ് കോടി അൻപത്തിയൊന്ന് ലക്ഷത്തി തൊണ്ണൂറ്റി ഒമ്പതിനായിരം രൂപ മാത്രം)

(ബി-ഡി) 2014-15 സാമ്പത്തിക വർഷത്തിൽ പദ്ധതിയിനത്തിൽ 1,30,00,00,000 രൂപയും (നൂറ്റി മുപ്പത് കോടി രൂപ മാത്രം) പദ്ധതിയേതര ഇനത്തിൽ 16,51,99,000 രൂപയും (പതിനാറ് കോടി അൻപത്തിയൊന്ന് ലക്ഷത്തി തൊണ്ണൂറ്റി ഒമ്പതിനായിരം രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്. പദ്ധതിയിനത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാർ അനുവദിച്ച തുകയുടെയും ചെലവാക്കിയ തുകയുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ഇ) 2011-12, 2012-13, 2013-14 സാമ്പത്തിക വർഷങ്ങളിൽ ലാപ്സായ പദ്ധതി തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

വർഷം	അനുവദിച്ച തുക (കോടിയിൽ)	ചെലവഴിച്ച തുക (കോടിയിൽ)	ലാപ്സായ തുക (കോടിയിൽ)
2011-12	10.0429	9.559	0.4839
2012-13	78.70	1.068	77.632
2013-14	103.00	48.15	54.85

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

2012-13, 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിൽ എം.എസ്.ഡി.പി. പദ്ധതി സംസ്ഥാനത്തെ കൂടുതൽ ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ വ്യാപിപ്പിക്കുന്നതിനായി കൂടുതൽ ബ്ലോക്കുകളും, ക്ലസ്റ്റർ വില്ലേജുകളും ഉൾപ്പെടുത്തി വിശദമായ പദ്ധതി നിർദ്ദേശങ്ങൾ കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയത്തിന് സമർപ്പിച്ചിരുന്നു. എന്നാൽ ടി പദ്ധതി നിർവ്വഹണ പ്രദേശങ്ങൾ സംസ്ഥാനത്തിന്റെ മറ്റ് ഭാഗങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിനോ സമർപ്പിച്ച മുഴുവൻ പദ്ധതികളും അംഗീകരിക്കുന്നതിനോ കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയത്തിന് നാളിതുവരെ കഴിഞ്ഞില്ല. മുൻ വർഷങ്ങളിലും നടപ്പ് സാമ്പത്തിക വർഷങ്ങളിലും കേന്ദ്ര വിഹിതമായി കൂടുതൽ തുക ലഭിക്കുമെന്ന് പ്രതീക്ഷിച്ച് കേന്ദ്രാവിഷ്കൃത പദ്ധതി ശീർഷകത്തിൽ വകുപ്പിന് വേണ്ടി സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയ സംഖ്യ ലഭ്യമാകാത്ത സാഹചര്യത്തിൽ കൂടുതൽ തുക ഈ ശീർഷകത്തിൽ അതത് സാമ്പത്തിക വർഷങ്ങളിൽ സറണ്ടർ ചെയ്യേണ്ടതായി വന്നു.

ന്യൂനപക്ഷ ക്ഷേമം

322 (3304) <u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ ന്യൂനപക്ഷ ക്ഷേമത്തിനുവേണ്ടി ഓരോ വർഷവും അനുവദിച്ച തുകയുടെയും വിനിയോഗിച്ച തുകയുടെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) ന്യൂനപക്ഷ വിഭാഗക്കാർക്ക് ഭവനനിർമ്മാണത്തിനുവേണ്ടി ധനസഹായമായോ വായ്പയായോ ഓരോ വർഷവും അനുവദിച്ച തുക ഗുണഭോക്താക്കളുടെ മേൽവിലാസം ഉൾപ്പെടെ ജില്ല തിരിച്ച് ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

(എ) പദ്ധതി (Plan)ഇനത്തിൽ അനുവദിച്ച/ചെലവഴിച്ച തുക :

വർഷം	അനുവദിച്ച തുക (ലക്ഷത്തിൽ)	ചെലവഴിച്ച തുക (ലക്ഷത്തിൽ)
2011-12	1004.29	955.9
2012-13	7870	106.8
2013-14	10300	4815
2014-15	13000	1504 (28-2-2015 വരെ)

LIBRARY ARCHIVES Kerala Legislative Assembly